# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1534

22-03-2013 ൽ മറുപടിയ്ക്ക്

## പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെട്ട കൊരട്ടിച്ചാൽ, ചീമേനിച്ചാൽ എന്നിവയുടെ നിർമ്മാണ പുരോഗതി

**ചോദ്യം**
ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ കൊരട്ടി പഞ്ചായത്തിലെ കൊരട്ടിച്ചാൽ, മേലൂർ പഞ്ചായത്തിലെ ചീമേനിച്ചാൽ എന്നിവയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | 2011-12 വർഷത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള ചീമേനി തോട്, കൊരട്ടിച്ചാൽ എന്നീ നീർത്തട പദ്ധതികൾക്ക് ആദ്യ വർഷത്തെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ചീമേനിച്ചാൽ നീർത്തടത്തിന്റെ രണ്ടാം വർഷത്തെ വാർഷിക പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. കൊരട്ടിച്ചാൽ നീർത്തട വികസന പദ്ധതിയുടെ രണ്ടാം വർഷത്തെ വാർഷിക പദ്ധതി ഭേദഗതികളോടെ പുനർ സമർപ്പിക്കേണ്ടതുണ്ട്.<br>അംഗീകാരം നൽകിയ പ്രോജക്ടുകളിൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് അപേക്ഷകൾ സ്വീകരിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ട പ്രവർത്തനം നടന്നുവരുന്നു. സാങ്കേതിക അനുമതി ആവശ്യമായ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിക്കായി ബന്ധപ്പെട്ട കമ്മിറ്റികൾക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ